# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4626** **13.11.2019-ൽ മറുപടിക്ക്**

## ആവാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.ജെ. വിനോദ് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ആവാസ് പദ്ധതിയിൽ ഇതിനകം എത്ര പേർ രജിസ്റ്റർ ചെയ്തു; വിശദാംശം നൽകുമോ; | (എ) 2017 നവംബർ മുതൽ 07/11/2019 വരെ 4,68,053 പേർ ആവാസ് ഇൻഷുറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 4,43,870 പുരുഷൻമാരും 24,098 സ്ത്രീകളും ട്രാൻസ്ജെൻഡർ 85 പേരും ആണുള്ളത്. |
| (ബി) സംസ്ഥാനത്ത് നിലവിൽ മുപ്പത് ലക്ഷത്തിലധികം ഇതരസംസ്ഥാന തൊഴിലാളികൾ ഉണ്ടെങ്കിലും ആവാസ് പദ്ധതിയിലെ രജിസ്ട്രേഷൻ തദനുസൃതമായി വർദ്ധിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ; | (ബി) ഇതര സംസ്ഥാന തൊഴിലാളികൾ നിർബ്ബന്ധപൂർവ്വം അംഗമാകേണ്ട പദ്ധതിയായിട്ടല്ല നിലവിൽ ആവാസ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അംഗീകരിച്ച ആധാർ, പാസ്പോർട്ട്, ഇലക്ഷൻ ഐ.ഡി, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിലാണ് രജിസ്ട്രേഷൻ നടന്നുവരുന്നത്. എല്ലാ ജില്ലകളിലും ആവാസിൽ എൻറോൾ ചെയ്യുന്നതിനായി വിപുലമായ പ്രചാരണവും എൻറോൾമെന്റ് ക്യാമ്പയിനുകളും സംഘടിപ്പിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വമനസ്സാലെയാണ് തൊഴിലാളികൾ മേൽപ്പറഞ്ഞ തിരിച്ചറിയൽ രേഖകളുമായി വന്ന് രജിസ്റ്റർ ചെയ്യുന്നത്. കൂടാതെ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പ്രവർത്തിക്കുന്ന ഫെസിലിറ്റേഷൻ സെന്റർ മുഖേനയും രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നുണ്ട്. രജിസ്ട്രേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 16.07.2019 മുതൽ സംസ്ഥാനത്താകെ സ്പെഷ്യൽ ഡ്രൈവ് നടന്നു വരികയാണ്. |

| | | | |
|---|---|---|---|
| (സി) | ആവാസ് പദ്ധതി നിർബന്ധമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നിർബന്ധമാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | നിർബ്ബന്ധമാക്കിയിട്ടില്ല. നിർബ്ബന്ധമാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ